LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ, എയ്ഡഡ് മേഖലയിൽ അടച്ചുപൂട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ പുതിയതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും

88 [1498] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ എയ്ഡഡ് മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടി എന്ന് അറിയിക്കുമോ;

(ബി) എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതുതായി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ മേഖലയിൽ ഇരുപത്തിയഞ്ചും (25) എയ്ഡഡ് മേഖലയിൽ മുപ്പത്തിമൂന്നും (33) വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിറുത്തലാക്കി.

(ബി) എയ്ഡഡ് മേഖലയിൽ പത്ത് (10) സ്ക്കൂളുകൾ അനുവദിച്ചു. അൺ എയ്ഡഡ് മേഖലയിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ നാനൂറ്റി എൺപത്തിനാല് (484) സ്ക്കൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്തു.

സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

89 [1499] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും, എവിടെയൊക്കെയാണെന്നും ഇതിന്റെയൊക്കെ മാനേജ്മെന്റ് ആരൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ അനുവദിച്ച എഞ്ചിനീയറിംഗ് കോളേജുകൾ, എം.ബി.എ. സ്ഥാപനങ്ങൾ, എം.സി.എ. സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജുകൾ, ഡെന്റൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, ഫാർമസി കോളേജുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ആയുർവേദ കോളേജുകൾ, സിദ്ധ കോളേജ്, ലോ കോളേജുകൾ, ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകൾ, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കോളേജുകൾ എന്നിവ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധം I—XII ആയി ചേർക്കുന്നു.†

ബി.എഡ്. കോളേജുകളുടേയും ആർട്സ് ആന്റ് സയൻസ് കോളേജുകളുടേയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സംബന്ധിക്കുന്ന വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.